EVHSS NEDUVATHOOR

# ഈശ്വരവിലാസം ഹയർ സെക്കൻഡറി സ്കൂൾ


## നെടുവത്തൂർ

# LITTLE

# Bots

ലിറ്റിൽ കൈറ്റ് മാഗസിൻ 2024






LITTLE Bots

# E D I T O R I A L  B O A R D

CHIEF EDITORS

SHINU VRAJ

AMBILI KS



STUDENT EDITORS



DEVANABDHAN D.P



ANAMIKA  D.P



PARVATHY .N



DEVIKA V K






**സിന്ധു എസ് നായർ**
**ഹെഡ്മിസ്ട്രസ്**

ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു   എന്നറിഞ്ഞതിൽവളരെയധികം .സന്തോഷിക്കുന്നു

തീർച്ചയായും ഈ മാഗസിൻ ഈ സ്കൂളിലെ കുട്ടികൾക്കും സമൂഹത്തിനുംപ്രചോദനപ്രദമാകും.വിവരസാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടത്തിന് സാക്ഷ്യംവഹിക്കുന്ന ഈ കാലഘട്ടത്തിൽ ഇത്തരം ഡിജിറ്റൽ മാഗസിനുകൾ തയ്യാറാക്കുന്നത് കുട്ടികളുടെ കഴിവ് പരിപോഷിപ്പിക്കുവാനും കമ്പ്യൂട്ടർ സാക്ഷരതയിൽ അവരെ .പ്രാപ്തരാക്കും സഹായിക്കും

ഇതിനുപിന്നിൽ പ്രവർത്തിച്ചവരെ അഭിനന്ദിക്കുന്നതിനോടൊപ്പം .ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേർന്നുകൊള്ളുന്നു

# Editorial

ഇതൊരു തുടക്കമാണ്. വിവരസാങ്കേതികവിദ്യയുടെ പുത്തൻ ഭാവങ്ങൾദൃശ്യാനുഭവമാകുന്ന മാറ്റത്തിന്റെ തുടക്കം .


കാറ്റിൽ പറന്നു നടക്കുന്ന ചെറിയ പട്ടങ്ങൾ ആയി മാറാൻ ലഭിച്ച ഈ അവസരത്തിൽ ആ മാറ്റത്തിന്റെ തുടക്കം ഞങ്ങളുടെ മനസ്സുകളിൽ സൃഷ്ടിച്ച ഉണർവ് ആ ഉണർവിൽ നിന്നുണ്ടായ 'ലിറ്റിൽ ബോട്ട്സ്' എന്ന ചെറിയ ഡിജിറ്റൽ മാഗസിൻ ഒരു പുതിയ മാനത്തിന് ഞങ്ങളെ പ്രാപ്തരാക്കി.

ഡിജിറ്റൽ ലോകത്തെ നൂതന സാങ്കേതിക വിദ്യകളോട് മത്സരിക്കാനുള്ള ഒരു പ്രവണതയല്ല ഇവിടെ.പകരം ഞങ്ങൾക്കു പകർന്നു കിട്ടിയ അറിവുകൾ പരിമിതികളിൽ നിന്നുകൊണ്ട് കൂടുതൽ മെച്ചപ്പെടുത്താൻ ലഭിച്ച അവസരത്തെ പ്രയോജനപ്പെടുത്തുകയാണ്

ഗുരുക്കന്മാർ പകർന്നുതന്ന പുതിയ അറിവുകളും സാങ്കേതികവിദ്യയുടെ പുതിയ മാറ്റങ്ങളും ഉൾക്കൊണ്ട് തയ്യാറാക്കിയ നിങ്ങൾക്കായി സമർപ്പിക്കട്ടെ

ANAMIKA DP & DEVIKA V K

TEAM LEADERS,LITTLE KITE



OUR TEAM

1 10367 PRANAV P V
2 10372 SAGAR SURESH
3 10426 SHARON L
4 10445 DEVA NANDAN R
5 10456 GIBIN
6 10502 DEVIKA V K
7 10565 ARYAN A S
8 10567 SURYAJITH S
9 10569 ADITHYAN M
10 10581 PRITHVY LAL
11 10582 LEKSHMI LAL
12 10584 DEVANAND S V
13 10754 VISHNUDEV V
14 10755 VISAKH S R
15 10772 ARJUN S
16 10792 ARYA R
17 10797 REJEENA D
18 10798 AKASHRAJ R
19 10802 ANAMIKA D P
20 10804 AJIN JOJO
21 10806 RIJO ROBIN
22 10808 PARVATHY N
23 10816 ABHIJITH G
24 10818 NISHAL S
25 10834 SAJNA SALIM
26 10836 SIYON BABU
27 10841 ABHINA MANOJ
28 10847 KARTHIK J
29 10854 VIPANCHIKA B A
30 10878 NEERAJA DATH S R
31 11029 DARSHANA A S

KITE MASTER:SHINU V RAJ

KITE MISTRESS:AMBILI K.S

# ഉള്ളടക്കം




ഞങ്ങളുടെ സ്ക്കൂളിനെ കുറിച്ച് ---------- 7

ഞങ്ങളുടെ ലിറ്റിൽ കൈറ്റ് ക്ലബ്ബിനെ കുറിച്ച്......8-9

അമ്മ കവിത.... 10

ആർട്ടിഫിഷൽ ഇൻറലിജൻസിനെ വരവേൽക്കാൻ തയ്യാറായി ഇന്ത്യയും.... 11-12

computer Abbreviation-13

Top 10 Computer Quotes-14

ദീർഘനേരം കമ്പ്യൂട്ടറുകൾക്ക് മുന്നിലിരുന്ന് ജോലി ചെയ്യുമ്പോൾ...15

ഈ മാലിന്യം...... 16

ദിനാചരണങ്ങൾ -17-18

പത്രത്താളുകളിലൂടെ .....19


പ്രളയവും അതിജീവനവും ....20

എൻറെ ഹൃദയ നൊമ്പരം .....21

സ്ഥലനാമ ചരിത്രം മണ്ണടി ......22

IN A SPRING SEASON ..........23

മഴ ..................24



# ഞങ്ങളുടെ സ്കൂളിനെക്കുറിച്ച്

കൊല്ലം ജില്ലയിലെ കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിൽ കൊട്ടാരക്കര ഉപജില്ലയിൽ നെടുവത്തൂർ പഞ്ചായത്തിൽ സ്ഥിതി ചെയുന്ന ഈശ്വര വിലാസം ഹയർ സെക്കണ്ടറി സ്കൂൾ ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂൾ ആണ് .

നെടുവത്തൂരും പരിസര പ്രദേശത്തുമുള്ള വിദ്യാർത്ഥികൾക്ക് നല്ല വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടുകൂടിയാണ് 01.06 .1965 ൽ ഈ സ്കൂൾ ആരംഭിച്ചത് .സുഖകരമായ കാലാവസ്ഥയും നിശബ്ദമായ അന്തരീക്ഷവും വിദ്യാലയ അന്തരീക്ഷത്തിനു കൂടുതൽ മികവേറുന്നു.ചാലൂക്കോണം അപ്പുകുട്ടൻ പിള്ളയുടെ മാനേജ്‌മെന്റിൽ ആരംഭിച്ച ഈ സ്കൂളിന്റെ ഇപ്പോഴത്തെ മാനേജർ ശ്രീ .കെ സുരേഷ് കുമാർ ആണ് .

സാമ്പത്തിക ഉച്ചനീചത്വങ്ങൾ നോക്കാതെ സമൂഹത്തിലെ എല്ലാ വിഭാഗവും കുട്ടികളും ഇവിടെ പഠിക്കുന്നു .കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും സ്വയം പര്യാപതയ്ക്കും ഉതകുന്ന തരത്തിലുള്ള വിദ്യാഭ്യാസം ഇവിടെ നല്കുന്നു ലിറ്റിൽ കൈറ്റ് സ്റ്റുഡൻറ് പോലീസ്,.ജൂനിയർ റെഡ്ക്രോസ് ,ഗൈയിഡ് .സ്കൗട്ട് തുടങ്ങിയ യൂണിറ്റുകളും മാതൃഭൂമി സീഡ് ,മനോരമ നല്ലപാഠം ,എന്നീ യൂണിറ്റുകളും സജീവമായി പ്രവർത്തിക്കുന്നു .കുട്ടികളുടെ കായിക വിദ്യാഭ്യാസത്തിനു ഊന്നൽ നൽകികൊണ്ട് ഒട്ടേറെ പ്രവത്തനങ്ങൾ ഈ സ്കൂളിൽ നടക്കുന്നുണ്ട്

# ഞങ്ങളുടെ ലിറ്റിൽ കൈറ്റ് ക്ലബ്ബിനെ കുറിച്ച്

2018

നെടുവത്തൂർ ഈശ്വരവിലാസം ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽകൈറ്റ് ഐ.ടി ക്ലബ്ബിൻറെ 2018-19 വർഷത്തെ പ്രവർത്തനങ്ങൾ ജൂൺമാസം 23 നടന്ന പ്രിലിമിനറി ക്ലാസോടെ ആരംഭിച്ചു.2018 ജനുവരി മാസം നടന്ന ലിറ്റിൽ കൈറ്റ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള പരീക്ഷയിലൂടെ 24 വിദ്യാർത്ഥികൾ യോഗ്യത നേടി. 4.8.2018 ൽ ലിറ്റിൽ കൈറ്റ് സ്കൂൾതല ക്യാമ്പ് സംഘടിപ്പിച്ചു .എല്ലാം ലിറ്റിൽ കൈറ്റ് അംഗങ്ങളും ക്യാമ്പിൽ പങ്കെടുത്തു. പുത്തൂർ ഗവൺമെൻറ് ഹൈസ്കൂളിലെ പ്രതാപൻ സർ ക്ലാസിന് നേതൃത്വം നൽകി . അനിമേഷൻ നിർമാണവുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ കുട്ടികൾ പരിചയപ്പെട്ടു.30.9.2018 ൽ ലിറ്റിൽ കൈറ്റ് സബ് ജില്ലാ ക്യാമ്പ് സ്കൂളിൽ വച്ചാണ് സംഘടിപ്പിച്ചത്. ഒക്ടോബർ 2 ന് ലിറ്റിൽ കൈറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ സ്കൂൾതലത്തിൽ കമ്പ്യൂട്ടർ ഉപകരണങ്ങളുടെ ഒരു പ്രദർശനം സംഘടിപ്പിച്ചു.ഡിസംബർ വെക്കേഷന് നടന്ന സബ്ജില്ലാതല ഡിജിറ്റൽ ക്യാമറയുമായി ബന്ധപ്പെട്ട പരിശീലനത്തിൽ 2 ലിറ്റിൽ കൈറ്റ് അംഗങ്ങൾ പങ്കെടുത്തു. ഡിജിറ്റൽ മാഗസിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഡിസംബർ മാസത്തോടെ ആരംഭിക്കുകയുംമെച്ചപ്പെട്ട രീതിയിൽ മുന്നോട്ടു കൊണ്ടുപോവുകയും ചെയ്തു. സ്കൂളിലെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തന പരിപാടികൾ സംഘടിപ്പിച്ചു. ജനുവരി 21ന് മാഗസിൻ പ്രകാശനകർമ്മം നിർവഹിക്കാൻ തീരുമാനിച്ചു.

2019-21

നെടുവത്തൂർ ഈശ്വരവിലാസം ഹയർ സെക്കന്ററി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിലെ ഐ റ്റി ക്ലബ്ബ് ആയ ലിറ്റിൽ കൈറ്റ് ആരംഭിച്ച ഇ-സേവന കേന്ദ്രം സ്കൂൾ കുട്ടികൾക്ക് ആവശ്യമായ ജാതി , വരുമാന സർട്ടിഫിക്കേറ്റുകൾ, ബാങ്ക് സംബന്ധമായ സേവനങ്ങൾ എന്നിവയാണ് ലിറ്റിൽ കൈറ്റ് അംഗങ്ങൾ ചെയ്തു കൊടുക്കുന്നത്.ഇതിനായി ഹാർഡ് വെയർ പരിശീലനം ലഭിച്ച ലിറ്റിൽ കൈറ്റ് അംഗങ്ങൾ കാലഹരണപ്പെട്ട കമ്പ്യൂട്ടറുകൾ |നന്നാക്കിയെടുത്താണ് സേവന കേന്ദ്രത്തിനായി സജ്ജീകരിച്ചിരിക്കുന്നത്.

നെടുവത്തൂർ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ അംഗങ്ങളുടെയും ഇ -മെയിൽ വിലാസം തയ്യാറാക്കി നൽകുന്ന 'ഇ- വിലാസം പദ്ധതിയുമായി' നെടുവത്തൂർ ഈശ്വര വിലാസം ഹൈസ്കൂളിലെ ലിറ്റിൽകൈറ്റ് ഐ. ടി ക്ലബ് അംഗങ്ങൾ .പദ്ധതിയുടെ ഭാഗമായി ലിറ്റിൽ കൈറ്റ് അംഗങ്ങൾ അവധി ദിവസങ്ങളിൽ നെടുവത്തൂരിലെ വീടുകൾ സന്ദർശിച്ച് അംഗങ്ങൾക്ക് ഇ മെയിൽ വിലാസത്തിന്റെ ആവിശ്യകതയെ കുറിച്ച് ബോധവൽക്കരണം നടത്തുകയും നിലവിലുള്ള കുടുംബാംഗങ്ങളുടെ ഇ-മെയിൽ വിലാസം ശേഖരിക്കുകയും വിലാസം ഇല്ലാത്തവർക്ക് സൗജന്യമായി ഇ മെയിൽ വിലാസം സൃഷ്ട്ടിച്ച് നൽകുകയും ചെയുന്നു

പുതുമയാർന്ന നിരവധി പ്രവർത്തനങ്ങളിലൂടെ പൊതുവിദ്യാഭ്യാസ വകുപ്പിൻറെ പ്രഥമ ലിറ്റിൽ കൈറ്റ് പുരസ്കാരം കൊല്ലം ജില്ലയിൽ രണ്ടാം സ്ഥാനത്തോടെ ഈശ്വരവിലാസം ഹയർ സെക്കൻഡറി സ്കൂൾ സ്വന്തമാക്കി . 25,000 രൂപയും പ്രശസ്തിപത്രവും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. രവീന്ദ്രനാഥ് നിന്നും ഏറ്റുവാങ്ങി.പൊതു വിദ്യാലയങ്ങൾ ഹൈ.ടെക് ആയി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ 'ലിറ്റിൽ കൈറ്റ്' അംഗങ്ങളുടെ നേതൃത്വത്തിൽ സ്കൂൾ "ഡബിൾ ക്ലിക്ക്" എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയാണ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്..മലയാളം കമ്പ്യൂട്ടിങ്, ഡിസൈനിങ് ,എഡിറ്റിങ് എന്നീ മേഖലകളിൽ കുട്ടികളെ പ്രാപ്തരാക്കുക എന്നതായിരുന്നു ഈ പരിപാടിയുടെ ലക്ഷ്യം. നടത്തുന്നുണ്ട് .ജില്ലയിലെ പ്രധാന ഐടി പരിശീലന കേന്ദ്രവും രക്ഷകർത്താക്കൾക്കുള്ള കമ്പ്യൂട്ടർ സാക്ഷരതാ പരിശീലന വേദികൂടിയാണ് സ്കൂൾ.

രക്ഷകർത്താക്കൾക്കും പൊതുജനങ്ങൾക്കുംഓൺലൈൻ സേവനങ്ങൾ സൗജന്യമായി ചെയ്തു കൊടുക്കുന്നതിനായി ഇ- സേവന കേന്ദ്രം സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ചു .സ്കൂൾ കുട്ടികൾക്ക് ആവശ്യമായ ജാതി , വരുമാന സർട്ടിഫിക്കേറ്റുകൾ, ബാങ്ക് സംബന്ധമായ സേവനങ്ങൾ എന്നിവയാണ് ലിറ്റിൽ കൈറ്റ് അംഗങ്ങൾ ചെയ്തു കൊടുക്കുന്നത്.ഇതിനായി ഹാർഡ് വെയർ പരിശീലനം ലഭിച്ച ലിറ്റിൽ കൈറ്റ് അംഗങ്ങൾ കാലഹരണപ്പെട്ട കമ്പ്യൂട്ടറുകൾ നന്നാക്കിയെടുത്താണ് സേവന കേന്ദ്രത്തിനായിസജ്ജീകരിച്ചിരിക്കുന്നത്.

"ഐ ടി അറ്റ് പേരന്റ് "എന്ന പേരിൽ കുട്ടികളുടെ അധ്യയന സമയം നഷ്ടപ്പെടാതെ ഒഴിവുള്ള സമയങ്ങളിൽ രക്ഷകർത്താക്കൾക്കുള്ള കമ്പ്യൂട്ടർ പരിശീലനവും കൈറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ സ്കൂളിൽ നടന്നുവരുന്നുണ്ട് . രക്ഷാകർത്താവിന് സ്കൂളിൽ വരാതെ തന്നെ കുട്ടികളുടെ പഠന കാര്യങ്ങൾ അധ്യാപകരുമായി ചർച്ച ചെയ്യാനുള്ള വീഡിയോ കോൺഫെറൻസ് സംവിധാനവും ലിറ്റിൽ കൈറ്റ് ക്ലബ് ഒരുക്കിയിട്ടുണ്ട്. ലിറ്റിൽ കൈറ്റ് എക്സ്പ്രസ് എന്ന പേരിൽ ഒരു ഡിജിറ്റൽ പത്രവും അംഗങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നു നെടുവത്തൂർ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ അംഗങ്ങളുടെയും ഇ -മെയിൽ വിലാസം തയ്യാറാക്കി നൽകുന്ന 'ഇ- വിലാസം പദ്ധതി വളരെയധികം ശ്രദ്ധ പിടിച്ചു പറ്റി .പദ്ധതിയുടെ ഭാഗമായി ലിറ്റിൽ കൈറ്റ് അംഗങ്ങൾ അവധി ദിവസങ്ങളിൽ നെടുവത്തൂരിലെ വീടുകൾ സന്ദർശിച്ചു അംഗങ്ങൾക്ക് ഇ മെയിൽ വിലാസത്തിന്റെ ആവിശ്യകതയെ കുറിച്ച് ബോധവൽക്കരണം നടത്തുകയും നിലവിലുള്ള കുടുംബാംഗങ്ങളുടെ ഇ-മെയിൽ വിലാസം ശേഖരിക്കുകയും വിലാസം ഇല്ലാത്തവർക്ക് സൗജന്യമായി ഇ മെയിൽ വിലാസം സൃഷ്ടിച്ചു നൽകുകയും ചെയുന്നു .

2023-24

നെടുവത്തൂർ ഈശ്വരവിലാസം ഹയർ സെക്കണ്ടറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ,ഐടി ക്ലബ്ബുകളുടെ ഈ വർഷത്തെ സ്കൂൾ ക്യാമ്പുകൾ ഡിജിറ്റൽ ഓണാഘോഷങ്ങളോടെ തുടക്കമായി .


ഓണാഘോഷം കേന്ദ്രീകരിച്ച് കംപ്യൂട്ടർ അധിഷ്ഠിതമായാണ് ക്യാമ്പ് പ്രവർത്തനങ്ങൾക്ക് രൂപം നൽകിയത്.

ക്യാമ്പ് ഏകദിനമായിട്ടാണ് ഷെഡ്യൂൾ ചെയ്തിരിക്കുന്നത്. ഓണം എന്ന പ്രധാന തീമിനെ അടിസ്ഥാനമാക്കിയാണ് ക്യാമ്പിലെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. സ്ക്രാച്ചിൽ തയ്യാറാക്കിയ റിഥം കമ്പോസർ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഓണാഘോഷവുമായി ബന്ധപ്പെട്ട ഓഡിയോ ബീറ്റുകൾ തയ്യാറാക്കുന്ന പ്രവർത്തനം, സ്ക്രാച്ച് ഉപയോഗിച്ച്, ഓണവുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടർ ഗെയിം തയ്യാറാക്കൽ, സ്വതന്ത്രദ്വിമാന അനിമേഷൻ സോഫ്ട്‌വെയറായ ഓപ്പൺ ട്ടൂൺസ് ഉപയോഗിച്ച് അനിമേഷൻ ചിത്രങ്ങൾ(gif), പ്രൊമോഷൻ വീഡിയോകൾ തയ്യാറാക്കൽ എന്നിവയാണ് യൂണിറ്റ് ക്യാമ്പിലെ പ്രധാന പ്രവർത്തനങ്ങൾ.

നവംബറിൽ നടക്കുന്ന ഉപജില്ലാ ക്യാമ്പുകളിലേക്ക് ക്യാമ്പ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും മികച്ച വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുകയും ചെയ്യും.


ഉപജില്ലാ കൈറ്റ് റിസോഴ്സ് പേഴ്സൺ ആശ വി എസ് ,കൈറ്റ് മാസ്റ്റർ ഷീന വി രാജ് ,കൈറ്റ് മിസ്ട്രസ് അമ്പിളി കെ എസ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി .










സങ്കടസ്മരണകൾ ചാലുകൾകീറിയ
നൊമ്പരമുരുകിയ ഭൂമികപോലെ
അമ്മയിരിപ്പൂ നിശബ്ദം മിഴിനീ –
രുള്ളിലടക്കിത്തന്നെചിരിപ്പൂ !
അച്ചിരിമറയിലെ സങ്കടനേരു –
പെറുക്കാൻ നമ്മൾക്കറിവീലല്ലോ !
അത്തുളസിച്ചെടി കരിയാതുള്ളിൽ
നട്ടുനനയക്കാൻ കഴിവീലല്ലോ !
അച്ചുടുകണ്ണീർ തുള്ളികളാലേ
പൊള്ളുന്നീലേ പറയണമിനി നാം
അത്തിരിനാളം കെട്ടു കഴിഞ്ഞാൽ
നെഞ്ചു വിഷാദക്കയമാകില്ലേ ?
അറിവിനുമപ്പുറമറിവാണമ്മ,അഴലിലെ
സാന്ത്വനസാഗരമമ്മ ‼
അമ്മമനസ്സറിയേണം,അ –
ക്കരുതൽകൈ സുഖമറിയേണം
നിന്നെ ചേർത്തു പിടിച്ചതു പോലെ
നീയും ചേർത്തു പിടിയക്കണമെന്നും
നീയാം തളിരില വളരും, പിന്നെ
വെറുമൊരു കരിയിലയായിക്കൊഴിയും
സ്മരണകളുണ്ടാകട്ടെയെന്നും
സ്മരണകൾ ജീവിതഗതിയറിയട്ടെ
സമയപ്പെരുനദിയൊഴുകിപ്പോകും
സുഖമിതു ശാശ്വതമല്ലാതെല്ലാം ‼




ദൃശ്യ-സംസാരസംവേദനങ്ങൾ, തീരുമാനമെടുക്കാൻ വിവർത്തനം തുടങ്ങി മനുഷ്യ ബുദ്ധിയും പ്രതികരണവും ആവശ്യമുള്ള പ്രവർത്തികൾ കമ്പ്യൂട്ടർ സിസ്റ്റത്തെക്കൊണ്ട് ചെയ്യിപ്പിക്കാൻ വേണ്ട അപ്ലിക്കേഷനുകൾ വികസിപ്പിക്കുന്ന വിദ്യയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്.

ദിവസം ചെല്ലുന്തോറും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പ്രയോഗം നിത്യജീവിതത്തിൽ കൂടിവരുകയാണ്.എന്നാൽ അത് മിക്കപ്പോഴും നമ്മൾ ശ്രദ്ധിക്കാത്ത കുറുക്കുവഴികളിലൂടെയാണ് നമ്മളിലേക്ക് കടന്നുവരുന്നത്. 2035-ഓടെകൃത്രിമ ബുദ്ധി'വഴി40%വരെ ഉത്പാദനം സാധ്യമാകുമെന്ന് ഈയിടെ ഒരു സാമ്പത്തിക പഠന ഏജൻസി നടത്തിയ വിശകലനം കാണിക്കുന്നു.ഇതിന്റെ വ്യാവസായിക സാധ്യത പുതിയ തലമുറ തിരിച്ചറിഞ്ഞു പ്രവർത്തിച്ചാൽ അത് പുതിയ സാദ്ധ്യതകൾ നമുക്കുമുന്പിൽ തുറന്നിടും. ഇപ്പോൾത്തന്നെ ഗൂഗിൾ, ഐബിഎം, ആപ്പിൾ, ഫേസ് ബുക്, മൈക്രോസോഫ്ട് തുടങ്ങിയ ഭീമന്മാർ ഈ രംഗത്ത് വൻ പരീക്ഷണങ്ങളാണ് നടത്തുന്നത്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കടന്നുവരുന്ന വഴികൾ കൃത്യമായി ചൂണ്ടിക്കാണിക്കാൻ പ്രയാസമാണെങ്കിലും ആഗോള ടെക് ഭീമന്മാർ ഈ രംഗത്ത് വലിയ കുതിച്ചുചാട്ടം കൊണ്ടുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇന്ത്യയിലും ഈ പ്രതിഭാസം പ്രകടമാണ്.പ്രതിഭയുള്ള ടെക്കികളുടെ സ്റ്റാർട്ട് അപ്പുകളാണ് ഇന്ത്യക്ക് ഈ രംഗത്ത് പ്രതീക്ഷ നൽകുന്നത്.വികസിച്ചുവരുന്ന ആഭ്യന്തര മാർക്കറ്റും ഉപഭോഗ സംസ്കാര പ്രവണതകളും ഇന്ത്യൻ മുതൽമുടക്കുകാരെ ഈ രംഗത്തേക്ക് ആകർഷിക്കുന്നു.

“വ്യാവസായിക രംഗത്ത് വമ്പൻ മാറ്റങ്ങൾ കൊണ്ടുവരാൻ ശേഷിയുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഇപ്പോൾതന്നെ ഇവിടെ വികസിച്ചിട്ടുണ്ട്;അത് ഇവിടെ ദീർഘകാലം ഉണ്ടാവും. അതിന്റെ അനന്ത സാധ്യതകളിലേക്കുള്ള ആഴത്തിലുള്ള പഠനവും അതിന്റെ പ്രയോഗവും വലിയ വാഗ്ദാനങ്ങൾ നൽകുന്നു“. ‘ആർടിഫേഷ്യ‘ എന്ന വിഷ്വൽ ഇന്റലിജൻസിസ് സംരംഭത്തിന്റെ സ്ഥാപകൻ നവനീത് ശർമ്മ പറയുന്നു.

വരും വർഷങ്ങളിൽ മിക്ക കമ്പനികളിലും എ-ഐ യെ ദൈനംദിന ഓപ്പറേഷന്റെ അവശ്യ ഘടകമായി ഉപയോഗിക്കും.- ശർമ്മ പറയുന്നു. 2016ന്റെ ആദ്യ പാദത്തിൽ മാത്രം ആഗോളതലത്തിൽ ഈ രംഗത്ത് മുൻ വർഷത്തെ മൊത്തം മുതൽമുടക്കിനേക്കാൾ കൂടുതൽ പണം മുടക്കി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആഭിമുഖ്യമുള്ള200ലധികം ആഗോള കമ്പനികൾ1.5ബില്യൺ ഡോളർ ഈ വര്ഷം ഇതുവരെ ശേഖരിച്ചു.

ഇന്ത്യയിൽ നിലവിൽ പ്രശസ്തരായ സെക്വ്റിയ,ടാറ്റാ ഗ്രൂപ്പ്,യൂണിലൈസർ,ഫ്ലിപ്കാർട്ട് എന്നീ കമ്പനികൾ തങ്ങളുടെ പ്രവർത്തന മേഖലകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്.അൻപതോളം സ്റ്റാർട്ടപ്പുകളും നിലവിൽ പ്രവർത്തിക്കുന്നു. 60%സോഫ്റ്റ്വെയർ ഡെവലപ്പർ മാരും മെഷീൻ ലേർണിംഗ് പരീക്ഷണം നടത്തുന്നുണ്ടെന്ന് ഇവാൻസ് ഡാറ്റ കോർപിന്റെ ഏറ്റവും പുതിയ റിപ്പോർട്ട് പറയുന്നു.

“ദശാബ്ദങ്ങൾ നീണ്ട പഠനങ്ങളുടെ ഫലമായി ഉപയോക്താവിന്റെ സ്വാഭാവിക സംസാരം തിരിച്ചറിയാൻ കഴിയുന്ന ലളിതമായ അപ്ലിക്കേഷനുകൾ ഇന്ന് നിലവിലുണ്ട്.കൂടുതൽ വിവരങ്ങളും വ്യാപകമായ നെറ്റ് വർക്കുകളും കൈകാര്യം ചെയ്യുമ്പോൾ സാങ്കേതികവിദ്യ കൂടുതൽ വികസ്വരമാകും“.നിക്കി.എ–ഐ യുടെ സഹ സ്ഥാപകനായ സച്ചിൻ ജയ്സ്വാൾ പറഞ്ഞു. കേവലം ഒരു വര്ഷം മുൻപ് രൂപം കൊണ്ട നിക്കി ബോട്ട് ഉപഭോക്താക്കളുടെ ചാറ്റ് മെസേജുകൾക്ക് മറുപടി കൊടുക്കുന്ന അപ്ലിക്കേഷൻ ആണ്.കാബ് ഓർഡർ ചെയ്യുവാൻ,ഭക്ഷണം വിളമ്പി കൊടുക്കുവാൻ,ഫോൺ ടാക്ടൈം ടോപ് അപ് ചെയ്യുവാൻ എന്നിങ്ങനെ നിക്കിയുടെ സേവനങ്ങൾ ഉപയോഗിക്കുന്നു.നിലവിൽ നിക്കിക്ക്75000ഉപയോക്താക്കൾ ഉണ്ട്.

വ്യത്യസ്ത വ്യവസായങ്ങളിൽ എണ്ണമറ്റ അപ്ലിക്കേഷനുകളുമായി അനന്ത സാധ്യതകളാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മുൻപോട്ടു വയ്ക്കുന്നത്.ആരോഗ്യസേവനം,വാണിജ്യം,മാനുഫാക്ചറിങ്,ബഹിരാകാശ പര്യവേഷണം എന്നിവയിൽ വലിയ സാധ്യതകളാണ് ഇത് തുറന്നു തരുന്നത്.

“ആർട്ടിഫിഷ്യൽ ഇന്റലിജൻസും മെഷീൻ ലേർണിംഗും റീടെയ്ൽ,ബാങ്കിങ് എന്നീ മേഖലകളിൽ യു എസിൽ നടപ്പാക്കിയിട്ടുണ്ട്.ഇന്ത്യൻ മാർക്കറ്റ് യു എസിനെ അനുഗമിക്കുകയാണ് ചെയ്യാറ്.ഇന്ന് യു എസിൽ കാണുന്നത് നിങ്ങൾക്ക് നാളെ ഇന്ത്യയിൽ കാണാൻ കഴിയും.”ശർമ്മ പറയുന്നു.

ചില സ്റ്റാർട്ടപ്പുകൾ സ്വന്തമായി പണം കണ്ടെത്തി സ്വതന്ത്രമായി മുൻപോട്ടു പോകാൻ തയാറാക്കുമ്പോൾ ചിലവ വൻകിട സാങ്കേതിക വിദ്യ ഉല്പാദകർക്ക് വിലക്കെടുക്കുവാൻ പരുവത്തിൽ വികസിപ്പിക്കുന്നു. കഴിഞ്ഞ ജൂണിൽ ഹൈദരാബാദ് ആസ്ഥാനമാക്കി രൂപംകൊണ്ട ടുപ്ൾജമ്പ് എന്ന സ്റ്റാർട്ടപ് സംരംഭത്തെ വിലക്കെടുത്ത് ആപ്പിൾ തങ്ങളുടെ ആദ്യചുവട് വച്ചു.ഈ വിലക്കെടുക്കൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംരംഭകർക്കുമുന്പിൽ പ്രതീക്ഷാ നിർഭരമായ സാധ്യതകളാണ് തുറന്നിടുന്നത്.ബഹുരാഷ്ട്ര സാങ്കേതിക കമ്പനികൾ സ്റ്റാർട്ട് അപ്പുകളെ വാങ്ങുവാനും യോജിച്ചു പ്രവർത്തിക്കുവാനും തയാറാകുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും.

തീർച്ചയായും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാമ്പത്തിക പരിണാമത്തെ ത്വരിതപ്പെടുത്തുന്ന ചാലക ശക്തിയാണ്. പക്ഷെ ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് സ്റ്റാർട്ടപ്പുകളെ സംബന്ധിച്ച് ഇത് പരീക്ഷണത്തിന്റെ കാലം കൂടിയാണ്. എ ഐ വിപ്ലവത്തിന്റെ പൂർണ ഫലങ്ങൾ കിട്ടണമെങ്കിൽ കോൺസുമെർ ഉത്പന്നങ്ങൾക്കും ഇൻഫർമേഷൻ ടെക്നോളോജിക്കും അപ്പുറത്തേക്ക് പുതുമ അംഗീകരിക്കുന്ന നയങ്ങൾ ഗവൺമെന്റും വ്യവസായവും രൂപീകരിക്കണം.

## ചാറ്റ് ജിപിറ്റി


നൂതന സാങ്കേതിക വിദ്യയിലൂടെ ഡയലോഗുകൾ സൃഷ്ടിക്കാൻ ഉപയോഗിക്കുന്ന വളരെ ജനപ്രിയമായ എ.ഐ -അധിഷ്ഠിത പ്രോഗ്രാമാണ് ചാറ്റ് ജിപിടി. പരിശീലനം നൽകപ്പെട്ടതനുസരിച്ച് പ്രവർത്തിക്കുന്ന ജനറേറ്റീവ് പ്രീ-ട്രെയിൻഡ് ട്രാൻസ്ഫോർമർ എന്ന് വിളിക്കപ്പെടുന്ന ഒരു ചാറ്റ്ബോട്ടാണിത്.ഓപ്പൺ എ ഐ എന്ന ഐ ടി കമ്പനിയാണ് ഇതിന്റെ സ്ഥാപകർ. ഇത് ഓപ്പൺ എ ഐയുടെ ജിപിടി-3.5, ജിപിടി-4 കുടുംബങ്ങളിൽ പെട്ട ലാർജ് ലാംഗ്വേജ് മോഡലുകൾ (LLMs) ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്, കൂടാതെ മികച്ച മേൽനോട്ടത്തോടെയും റീ എൻഫോഴ്സ്മെന്റ് ലേണിംഗ് സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നന്നായി ട്യൂൺ ചെയ്തിരിക്കുന്നു (ട്രാൻസ്ഫർ ലേണിംഗ് എന്ന മെഷീൻ ലേണിംഗ് സംവിധാനം ഉപയോഗപ്പെടുത്തിയിരിക്കുന്നു).

ചാറ്റ് ജിപിറ്റി ഒരു പ്രോട്ടോടൈപ്പായി 2022 നവംബർ 30-ന് സമാരംഭിച്ചു. വിജ്ഞാനത്തിന്റെ വിവിധ മേഖലകളിലുടനീളം അതിന്റെ വിശദവും പെട്ടന്നുള്ളതുമായ പ്രതികരണങ്ങൾ മൂലവും, അതിന്റെ വ്യക്തമായ ഉത്തരങ്ങൾ മൂലവും ഇത് ശ്രദ്ധ നേടി. എന്നിരുന്നാലും, പല സമയത്തും അതിന്റെ കൃത്യത ഇല്ലായ്മ ഒരു പ്രധാന പോരായ്മയായി തിരിച്ചറിഞ്ഞിട്ടുണ്ട്.ചാറ്റ്ജിപിറ്റി പുറത്തിറക്കിയതിന് ശേഷം, ഓപ്പൺഎഐ(OpenAI)-യുടെ മൂല്യം 2023-ൽ 29 ബില്ല്യൺ യുഎസ് ഡോളറാണ് ഇതിന്റെ മൂല്ല്യം.

തയ്യാറാക്കിയത്

SAGAR SURESH IX B

# Computer Abbreviations




AOL - American Online

ARPANET - Advanced Research Projects Agency Network

BIOS - Basic Input Output System

BLOG - Web Blog

CD - Compact Disk

CPU - Central Processing Unit

DOS - Disk Operating System

DVD - Digital Versatile Disc

E-mail - Electronic Mail

HTML - Hyper Text Markup Language

HTTP - Hyper Text Transfer Protocol

IE - Internet Explorer

IM - Instant Messenger

IPO Cycle - Input Process Output Cycle

LAN - Local Area Network

MAN - Metropolitan Area Network

MS - MicroSoft

MS-DOS - MicroSoft - Disk Operating System

MSN - Micro-Soft Networks

N/W - Network

OS - Operating System

PC - Personal Computers

ROM - Read Only Memory

RAM - Random Access Memory

SMPS - Switch Mode Power Supply

SMS - Short Message Service

TCP / IP - Transmission Control Protocol / Internet Protocol

USB - Universal Serial Bus

WAN - Wide Area Network


WWW - World Wide Web

XML - EXtensible Markup Language


PREAPRED BY


SAGAR SURESH


PREPARED BY
GIBIN IX A



# Top 10 Computers Quotes






























# ദീർഘനേരം കമ്പ്യൂട്ടറുകൾക്ക് മുന്നിലിരുന്നു

## ജോലി ചെയ്യുമ്പോൾ


**തയ്യാറാക്കിയത് : DEVA NANDAN R**



ദീർഘനേരം കമ്പ്യൂട്ടറുകൾക്ക് മുന്നിലിരുന്നു ജോലി ചെയ്യുമ്പോൾ പിൻകഴുത്തും നടുവും വേദനിക്കാറുണ്ടോ? എങ്കിൽ ഈ കുറിപ്പ് വായിക്കാതെ പോകരുത്. ശരിയല്ലാത്ത രീതിയിൽ ഒരുപാട് നേരം കമ്പ്യൂട്ടറുകൾക്ക് മുന്നിൽ ഇരുന്ന് ജോലി ചെയ്യുന്നത് അസ്ഥികളുടെ ബലക്ഷയത്തിനും നട്ടെല്ലിന് മുറിവുകളുണ്ടാകുന്നതിനും കാരണമായേക്കാം എന്ന് പഠനങ്ങൾ. തല ആവശ്യാനുസരണം ചലിപ്പിക്കാനുള്ള കഴിവിനെ പോലും ഇത് ദോഷകരമായി ബാധിച്ചേക്കാം എന്നാണ് ഗവേഷകർ കണ്ടെത്തുന്നത്. നട്ടെല്ല് നേരെയാക്കി നിവർന്ന് ശരിയായ രീതിയിൽ ഇരിക്കുന്ന സമയയത്ത് നിങ്ങളുടെ നട്ടെല്ലിന് അനുഭവപ്പെടുന്ന തലയുടെയും കഴുത്തിന്റെയും ഭാരമായ 12 പൗണ്ട് ശരീരത്തിന് താരതമ്യേനെ ആയാസരഹിതമായി തന്നെ താങ്ങാൻ കഴിയുന്നു. എന്നാൽ ഒരു 45
 ഡിഗ്രിവളവുണ്ടെങ്കിൽ ഏതാണ്ട് 40 പൗണ്ട് ഭാരമുണ്ടെന്ന് തോന്നിപ്പിക്കുകയും അത് നട്ടെല്ലിനെ സംബന്ധിച്ച് വളരെ  പ്രയാസകരമാകുകയും ചെയ്യും. ഇത്രയും ഭാരമേറിയ വസ്തു താങ്ങുമ്പോഴുള്ള ആധാരകേന്ദ്രം എന്ന നിലയ്ക്ക് കഴുത്തിന് കൂടുതൽ പ്രയത്നിക്കേണ്ടി വരികയും കാലക്രമത്തിൽ വേദന പതിവാക്കുകയും ചെയ്യും.

ഇരുപ്പ് ശീലങ്ങൾ പഠിക്കാനായി 87 വിദ്യാർത്ഥികളെ വിവിധ രീതികളിൽ ഇരുത്തി നിരവധി പരീക്ഷണങ്ങൾ നടത്തിയ ശേഷമാണ് സാൻഫ്രാൻസിസ്കോ സ്റ്റേറ്റ് യൂണിവേഴ്സിറ്റി ഈ ഫലങ്ങൾ പുറത്തുവിട്ടത്. ദീർഘ നേരം കമ്പ്യൂട്ടറിൽ നോക്കി ജോലി ചെയ്യുമ്പോൾ കഴുത്തും നടുവും വേദനിക്കുന്നുണ്ടെങ്കിൽ നിർബന്ധമായും നിങ്ങൾ നിങ്ങളുടെ ഇരുപ്പ് രീതി ശരിയാക്കേണ്ടതുണ്ട്. വൈകുംതോറും കൂടുതൽ അപകടങ്ങൾ ഉണ്ടാക്കാൻ ഇടയുണ്ടെന്നാണ് വിദഗ്ദർ പറയുന്നത്. തലയും നോട്ടവും നേരെയാക്കി കഴുത്ത് ഉയർത്തിപ്പിടിച്ച് ശരിയായ രീതിയിൽ ഇരിക്കാനാണ് പഠനത്തലവൻ എറിക് പേപ്പർ നിർദ്ദേശിക്കുന്നത്. തെറ്റായ രീതിയിൽ ഇരുന്ന് ജോലി ചെയ്യുന്നവരിൽ 98 % നും കുറച്ച് നേരം കഴിയുമ്പോൾ ശരീര വേദനകളും അസ്വാസ്ഥ്യങ്ങളും അനുഭവപ്പെടുന്നുണ്ടെന്ന് പഠനം സാക്ഷ്യപ്പെടുത്തുന്നു. മാത്രവുമല്ല കംപ്യൂട്ടറുകളിൽ ഉപയോഗിക്കുന്ന ഫോണ്ടുകളും ഫോണ്ട് അളവുകളും കൃത്യമായി തിരഞ്ഞെടുക്കുക, കമ്പ്യൂട്ടർ റീഡിങ് ഗ്ലാസ്സുകൾ ഉപയോഗിക്കുക, കമ്പ്യൂട്ടറുകൾ വെച്ചിരിക്കുന്ന മേശയുടെ ഉയരം ക്രമീകരിക്കുക മുതലായ നിർദ്ദേശങ്ങളും ഈ പഠന ഗ്രൂപ്പിലെ ഗവേഷകർ നൽകുന്നുണ്ട്. അതെ, അപ്പോൾ ഇനി കമ്പ്യൂട്ടറുകൾക്ക് മുൻപിൽ തല ഉയർത്തിപ്പിടിച്ച് തന്നെ ഇരുന്നോളൂ.

.





# ഇ-മാലിന്യം

ഭൂമിക്ക് ഭീഷണിയാകുന്ന മാരകവിഷം



**തയ്യാറാക്കിയത് : DEVA NANDAN RARYAN A**

നാം ജീവിക്കുന്നത് ഇലക്ട്രോണിക്സ് ഉപകരണങ്ങളാൽ ബന്ധിതമായ ലോകത്തിലാണ്. ഓരോ ഇലക്ട്രോണിക് ഉപകരണങ്ങളും അവയുടെ പുതിയ പതിപ്പുകൾക്കനുസരിച്ചു പുതുക്കുവാനാണ് ഇന്നത്തെ സമൂഹത്തിന്റെ മുഖ്യ ജീവിതവ്യവസ്ഥയിൽ പ്രധാനം. പുതിയ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നമുക്കാവശ്യമുള്ളവ ഏതുതന്നെ ആയാലും അവ വിപണിയിൽ ഇറങ്ങുമ്പോൾ തന്നെ വാങ്ങുകയോ പഴയത് വലിച്ചെറിയുകയോ ആക്രിക്കാരന് നൽകുകയോ ചെയ്യുമ്പോൾ നമ്മളിൽ ആരെങ്കിലും ഓർക്കാറുണ്ടോ ഇതൊക്കെ എവിടെ പോകുന്നുവെന്ന്.

ഇലക്ട്രോണിക്സ് മാലിന്യത്തിന്റെ കാര്യത്തിൽ ലോകത്ത് നമ്മുടെ രാജ്യം. അഞ്ചാം സ്ഥാനത്താണ് ഡൽഹി ആസ്ഥാനമായി ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന അസോച്ചം (ദി അസോസിയേറ്റഡ് ചാമ്പേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി ഓഫ് ഇന്ത്യ എന്ന വ്യവസായ സംഘടന നടത്തിയ പഠന പ്രകാരം 2020 ആകുമ്പാഴേക്കും ഇന്ത്യയിലെ ഇ-മാലിന്യത്തിന്റെ അളവ് 52 ലക്ഷം ടൺ ആകുമെന്നാണ് പറയുന്നത്. നിലവിൽ 18 ലക്ഷം ടൺ ഇ-മാലിന്യമാണ് ഇന്ത്യയിലുള്ളത്. ലോകവ്യാപകമായി ഇ-മാലിന്യങ്ങൾ 18 ശതമാനം നിരക്കിൽ വളർന്നപ്പോൾ ഇന്ത്യയിൽ ഇ-മാലിന്യത്തിന്റെ വളർച്ച 30 ശതമാനം നിരക്കിലാണെന്നതാണ് ഞെട്ടിപ്പിക്കുന്ന മറ്റൊരു വിവരം. ഇ-മാലിന്യങ്ങളിൽ കേവലം 1.5 ശതമാനം മാത്രമേ റീസൈക്കിൾ ചെയ്ത് പുനരുപയോഗത്തിനായി വീണ്ടും എത്തിക്കാനാകുകയുള്ളുവെന്നിരിക്കേ, ഈ ഇലക്ട്രോണിക് മാലിന്യങ്ങൾ മിക്കപ്പോഴും കുഴിച്ചുമൂടുകയാണ് ചെയ്യാറുള്ളത്. ഇത് അത്യധികം അപകടകരമായ ഒരു സാഹചര്യത്തിലേക്കാണ് ഇന്ത്യയെ കൊണ്ടു ചെന്നെത്തിക്കുന്നത്. ഇലക്ട്രോണിക് വസ്തുക്കളിലുള്ള ലെഡ്, മെർക്കുറി, കാഡ്മിയം പോലുള്ള രാസവസ്തുക്കൾ നമ്മുടെ കുടിവെള്ള സ്രോതസ്സുകളിൽ കലരുന്നതിന് അത് ഇടയാക്കുന്നു. ഭാവിതലമുറകളെ മുഴുവനും മാരകമായ രോഗങ്ങളുടെ പിടിയിലേക്ക് തള്ളിവിടാൻ ഇതിടയാക്കുമെന്നും ലോകത്ത് മാനവരാശിയുടെ നിലനിൽപ്പിനെ തന്നെ അത് ബാധിക്കുമെന്നും പറയാതെ വയ്യ. ഇലക്ട്രോണിക് ഉപകരണങ്ങൾ മാത്രമല്ല ഇലക്ട്രിക്കൽ ഉപകരണങ്ങളും ഇന്ന് വൻതോതിൽ ഇ-മാലിന്യത്തിന്റെ നിർമിതിക്ക് കാരണമാകുകയാണ്. റഫ്രിജറേറ്ററുകൾ, വാഷിങ് മെഷീനുകൾ, കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, ടെലിവിഷനുകൾ, ഐ പാഡുകൾ, മൊബൈലുകൾ എന്നിവയെല്ലാം തന്നെ നിർമ്മിക്കപ്പെട്ടിട്ടുള്ളത് അപകടകരമായ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടാണ്. മാനുഷികാരോഗ്യത്തിനും പരിസ്ഥിതിക്കും വിനാശകരമായ വസ്തുക്കളാണ് അവയിലുള്ളതിൽ പലതും. യൂറോപ്യൻ യൂണിയനും ചില വികസിത രാജ്യങ്ങളും ശാസ്ത്രീയമായ രീതികളിലൂടെ ഇ-മാലിന്യം നിർമ്മാർജനം ചെയ്യുന്നതിനും റീസൈക്കിൾ ചെയ്യുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഇപ്പോഴത്തെ വൻതോതിലുള്ള ഇ-മാലിന്യങ്ങൾ സംസ്കരിക്കാൻ പര്യാപ്തമാകുന്നതല്ല. ഇരുമ്പും ഉരുക്കുമാണ് ഇ-മാലിന്യങ്ങളുടെ 50 ശതമാനവും വരുന്നത്. മാരകവിഷമുറങ്ങുന്ന പദാർത്ഥങ്ങൾ ഈ ഉൽപന്നങ്ങളിലുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. വിവരസാങ്കേതിക മേഖലയിലുണ്ടായ കുതിച്ചുചാട്ടവും ടെലിവിഷൻ രംഗത്തുണ്ടായ മാറ്റങ്ങളുമാണ് ഇ-മാലിന്യങ്ങളുടെ തോത് ലോകത്ത് ക്രമാതീതമായി വർധിക്കാൻ ഇടയാക്കിയത്.



**ദിനാചരണങ്ങൾ**

## വായനാദിനം

നെടുവത്തൂർ ഈശ്വരവിലാസം ഹയർസെക്കൻഡറി സ്ക്കൂളിൽ സോഷ്യൽ സയൻസ് ക്ലബ്ബിനെ നേതൃത്വത്തിൽ ജൂൺ 19വായനാദിനം വിപുലമായ പരിപാടികളോടെ ആചരിച്ചു. ഹെഡ്മിസ്ട്രസ്സ് സിന്ധു .എസ്. നായരുടെ അധ്യക്ഷതയിൽ ചേർന്ന യോഗം സ്ക്കൂൾ മാനേജർ കെ. സുരേഷ് കുമാർ ഉദ്ഘാടനം ചെയ്തു. സോഷ്യൽ സയൻസ് ക്ലബ്ബിലെ അംഗങ്ങൾ ആയിരത്തോളം പുസ്തകങ്ങൾ ശേഖരിച്ച് പ്രദർശിപ്പിച്ചു. മറ്റു ക്ലാസ്സുകളിലെ കുട്ടികൾക്കായി പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും പുസ്തകം വായിക്കേണ്ട ആവശ്യകതയെക്കുറിച്ച് എല്ലാ ക്ലാസ് മുറികളിലും സോഷ്യൽസയൻസ് ക്ലബ്ബ് അംഗങ്ങൾ ലഘുലേഖ അവതരിപ്പിക്കുകയും ചെയ്തു. ചരിത്ര പുസ്തകങ്ങൾ പൂർവ്വ വിദ്യാർത്ഥികളും മറ്റു കുട്ടികളും ചേർന്ന് ശേഖരിക്കുകയും സാമൂഹ്യശാസ്ത്ര ലൈബ്രറിക്ക് തുടക്കം കുറിക്കുകയും ചെയ്തു. എല്ലാവർഷവും വായനാദിനത്തിൽ കുട്ടികൾ ആയിരക്കണക്കിന് പുസ്തകങ്ങൾ ശേഖരിച്ച് ക്ലാസ് ലൈബ്രറി രൂപീകരിക്കാൻ ഉണ്ട്.




വായന ദിനാചരണത്തിൽ ആയിരത്തോളം ബാലരമ ഡൈജസ്റ്റുകൾ ശേഖരിച്ചു



## ലഹരിവിരുദ്ധ ദിനാചരണം

ലഹരിവിരുദ്ധ ദിനാചരണം വിവിധ പരിപാടികളോടെ നെടുവത്തൂർ ഈശ്വര വിലാസം ഹയർസെക്കൻഡറി സ്ക്കൂളിലെ സോഷ്യൽ സയൻസ് ക്ലബ്ബിനെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. കൊട്ടാരക്കര എക്സൈസ ഡിപ്പാർട്ട്മെൻറ് റോബർട്ട് സാറിൻറെ നേതൃത്വത്തിൽ ലഹരിവിരുദ്ധ ക്ലാസ് സംഘടിപ്പിച്ചത് കുട്ടികൾക്ക് പുതിയൊരു അറിവായിരുന്നു. ലഹരിയുടെ മോശം വശങ്ങളിൽനിന്നും സമൂഹത്തെ മോചിപ്പിക്കുന്നതിനു വേണ്ടി അവർ ലഹരിവിരുദ്ധ പ്രതിജ്ഞയെടുത്തു. തുടർന്ന് ലഹരിയെ സമൂഹത്തിൽനിന്ന് തുടച്ചു മാറ്റേണ്ട ആവശ്യകത ഊന്നിക്കൊണ്ട് പാവനാടകം സംഘടിപ്പിച്ചത് ഏറെ ശ്രദ്ധേയമായി. രക്ഷകർത്താക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. ഹെഡ്മിസ്ട്രസ് സിന്ധു എസ് നായരുടെ അധ്യക്ഷതയിൽ ചേർന്ന യോഗം കൊട്ടാരക്കര എക്സൈസ് ഡിപ്പാർട്ട്മെൻറ് മേധാവി റോബർട്ട് ഉദ്ഘാടനംചെയ്തു. സോഷ്യൽ സയൻസ് ക്ലബ്ബ് കൺവീനർ കൃതജ്ഞത രേഖപ്പെടുത്തി




ഹിരോഷിമ ദിനത്തിൽ ആയിരം സഡാക്കോ
കൊക്കുകളൊരുക്കി വിദ്യാർഥികൾ

## ഹിരോഷിമ നാഗസാക്കി ദിനാചരണം

സോഷ്യൽ സയൻസ് ക്ലബ്ബിൻറെ നേതൃത്വത്തിൽ ഈ വർഷത്തെ ഹിരോഷിമ,നാഗസാക്കി ദിനാചരണം വിവിധ പരിപാടികളോടെ സ്കൂളിൽ സംഘടിപ്പിച്ചു. ലോക മനസാക്ഷിയെ ഞെട്ടിച്ച ഹിരോഷിമ നാഗസാക്കി ദുരന്തം ആയിരം സഡാക്കോ കൊക്കുകൾ ഒരുക്കി കുട്ടികൾ ഓർമ്മ പുതുക്കി. എല്ലാവർഷവും ഹിരോഷിമ ദിനത്തിൽ സഡാക്കോ കൊക്കുകളെ ഉണ്ടാക്കി കുട്ടികൾ ഹിരോഷിമാ ദിനം ആചരിക്കാറുണ്ട്. ഈ വർഷവും രേഷമ ദിനാചരണത്തിൽ കുട്ടികൾ ആയിരം സഡാക്കോ കൊക്കുകൾ ഒരുക്കി സ്കൂൾ അങ്കണത്തിൽ പ്രദർശിപ്പിച്ചു.



## സ്വാതന്ത്ര്യദിനാഘോഷം

ഈ വർഷത്തെ സ്വാതന്ത്ര്യദിനാഘോഷം മഴ തടസ്സപ്പെടുത്തിയ
എങ്കിലുംസോഷ്യൽ സയൻസ് ക്ലബ്ബിൻറെ നേതൃത്വത്തിൽ
നേതൃത്വത്തിൽ ലഘുവായ പരിപാടികൾ സംഘടിപ്പിച്ചു. സ്വാതന്ത്ര്യ
സമര ക്വിസ്, സ്വാതന്ത്ര്യസമര സേനാനികളുടെ സമര
സേനാനികളുടെ ചരിത്രം തയ്യാറാക്കൽ, പോസ്റ്റർ തയ്യാറാക്കൽ
തുടങ്ങിയ സംഘടിപ്പിച്ചു. സ്കൂൾ അങ്കണത്തിൽ പതാക
ഉയർത്തുകയും ക്ലബ്ബിൻറെ നേതൃത്വത്തിൽ കുട്ടികൾക്ക് പായസ
സദ്യ നടത്തുകയും ചെയ്തു



# ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സ് പത്രത്താളുകളിലൂടെ



## ഹൈടെക് കാലത്ത് സ്കൂളിൽ ഡിജിറ്റൽ മാഗസിൻ

Thu, 24 January 2019
https://digitalpaper.mathrubhur



## ഈശ്വരവിലാസം സ്കൂളിൽ ഇ-സേവനകേന്ദ്രം തുറന്ന് വിദ്യാർഥികൾ

Thu, 14 February 2019
https://digitalpaper.mathrubhumi.com/c/36703538



## ലിറ്റിൽ കൈറ്റ്സ് ക്യാമ്പിന് തുടക്കം

എഴുകോൺ

നെടുവത്തൂർ ഈശ്വരവിലാസം ഹയർ സെക്കൻഡറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ക്യാമ്പിന് തുടക്കമായി.

മൊബൈൽ ആപ് നിർമാണം, റോബോട്ടിക്സ്, ഗ്രാഫിക് ഡിസൈനിങ്, ഹാർഡ്‌വയർ, മലയാളം കംപ്യൂട്ടിങ്, പ്രോഗ്രാമിങ്, സൈബർ സുരക്ഷ, ഇലക്ട്രോണിക്സ്, അനിമേഷൻ എന്നി പഠനമേഖലകളിലാണ് ലിറ്റിൽ കൈറ്റ് അംഗങ്ങൾക്ക് പരിശീലനം.

ക്യാമ്പിന്റെ ഭാഗമായി ഫീൽഡ് വിസിറ്റും ഇൻഡസ്ട്രിയൽ വിസിറ്റും അംഗങ്ങൾ നടത്തും. സ്കൂളിലെ ഹൈടെക് ക്ലാസ് മുറികളുടെ പരിപാലനവും ക്ലാസ് സജ്ജീകരണവും അംഗങ്ങൾ ഉറപ്പാക്കും. മുൻ ജില്ലാ കോ-ഓർഡിനേറ്റർ ഉല്ലാസ്കുമാർ വീഡിയോകോൺഫറൻസിലൂടെ പരിപാടി ഉദ്ഘാടനംചെയ്തു.

എച്ച്എം സിന്ധു എസ് നായർ അധ്യക്ഷയായി. മാനേജർ കെ സുരേഷ് കുമാർ, കൈറ്റ് മാസ്റ്റർ ഷിനു വി രാജ്, കൈറ്റ് മിസ്ട്രസ് കെഎസ് അമ്പിളി, ആർ എസ് ദീപു, എസ് ഷൈൻ എന്നിവർ സംസാരിച്ചു.

ലിറ്റിൽ കൈറ്റ്സ് ക്യാമ്പ് മുൻ ജില്ലാ കോ-ഓർഡിനേറ്റർ ഉല്ലാസ്കുമാർ വീഡിയോ കോൺഫറൻസിലൂടെ ഉദ്ഘാടനംചെയ്യുന്നു



## ലാപ്ടോപ് വിതരണംചെയ്തു

## ലിറ്റിൽ കൈറ്റ് ഇ- സേവനകേന്ദ്രത്തിന് തുടക്കമായി



## ഇ- സേവനത്തിന്റെ പുതു മാതൃകയുമായി ലിറ്റിൽ കൈറ്റ്



## ഇ വിലാസം പദ്ധതിയുമായി ഈശ്വര വിലാസം ഹൈസ്കൂളിലെ ലിറ്റിൽകൈറ്റ് വിദ്യാർത്ഥികൾ



## 'ലിറ്റിൽ കൈറ്റ്' നെടുവത്തൂർ ഇ.വി.എച്ച്.എസിൽ ബിഗ് ഹിറ്റ്

2019

Wed, 10 July 2019
https://digitalpaper.mathrubhumi.com/c/41235985

LITTLE Bots

# പ്രളയവും അതിജീവനവും

ഒരു പ്രദേശത്തെ മുഴുവനും
വെള്ളത്തിനടിയിൽ ആകുന്ന
പ്രതിഭാസമാണ് വെള്ളപൊക്കം.

തുടർച്ചയായി പെയ്തിറങ്ങുന്ന ശക്തമായ
മഴമൂലം കായലുകളും. നദികളും
കരകവിഞ്ഞൊഴുകി അത്യാഹിതങ്ങൾ
സംഭവിക്കുന്നു. ചുഴലിക്കാറ്റും സുനാമി
പോലുള്ള പ്രകൃതി ക്ഷോഭങ്ങളും
വെള്ളപ്പൊക്കത്തിന്
കാരണമാകാറുണ്ട് .പര്വതങ്ങളിലെ
മഞ്ഞുരുകി നദികൾ നിറയുന്നത് വഴിയും,
ജലസംഭരണികൾ തുറന്നു
വിടുന്നതിലൂടെയും ഇത് സംഭവിക്കാം.

കേരളത്തിൽ ഉണ്ടാകുന്ന പ്രകൃതി
ദുരന്തങ്ങളിൽ ഏറ്റവും കൂടുതൽ
നാശനഷ്ടങ്ങൾ വരുത്തുന്ന ഒന്നാണ്
വെള്ളപൊക്കം.നമ്മുടെ
സംസ്ഥാനത്തിന്റെ ശതമാനം
പ്രദേശങ്ങളിൽ കാലാവർഷാസമയത്ത്
വെള്ളപൊക്കം ഉണ്ടാകാൻ സാധ്യത ഉണ്ട്
എന്ന് കണക്കാക്കിയിരുന്നു.

വെള്ളപൊക്കം ഉണ്ടാകുന്നതിനു മുൻപ്
വെള്ളപൊക്കം ഉണ്ടായാൽ സുരക്ഷിത
സ്ഥലത്തേയ്ക്ക് പോകേണ്ട വഴികൾ
കുടുംബാംഗങ്ങൾ എല്ലാവരും
മനസിലാക്കി വയ്ക്കുക.
മണൽ ഭിത്തികൾ വെള്ളപൊക്കത്തിൽ
തകരാൻ സാധ്യതയുള്ളതിനാൽ
വെള്ളപ്പൊക്ക ഭീഷണിയുള്ള
പ്രദേശങ്ങളിൽ താമസിക്കുന്നവർ സിമന്റും
ഇഷ്ടികയും കൊണ്ടുള്ള ഉറപ്പേറിയ
ഭിത്തികൾ നിർമ്മിക്കുക.
അടുപ്പുകൾ,വാട്ടർ ഹീറ്റർ .വൈദ്യുത
പാനലുകൾ ,കക്കൂസ് ടാങ്ക് എന്നിവ
ഉയർത്തി സ്ഥാപിക്കുക.
അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗിക്കാൻ
എമർജൻസി കിറ്റ് കരുതുക.അവയിൽ
താഴെ പറയുന്ന സാധനങ്ങൾ
ഉൾപെടുത്തേണ്ടതാണ്.

മണൽ ഭിത്തികൾ വെള്ളപൊക്കത്തിൽ
തകരാൻ സാധ്യതയുള്ളതിനാൽ

വെള്ളപ്പൊക്ക ഭീഷണിയുള്ള
പ്രദേശങ്ങളിൽ താമസിക്കുന്നവർ സിമന്റും
ഇഷ്ടികയും കൊണ്ടുള്ള ഉറപ്പേറിയ
ഭിത്തികൾ നിർമ്മിക്കുക.
അടുപ്പുകൾ,വാട്ടർ ഹീറ്റർ .വൈദ്യുത
പാനലുകൾ ,കക്കൂസ് ടാങ്ക് എന്നിവ
ഉയർത്തി സ്ഥാപിക്കുക.
അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗിക്കാൻ
എമർജൻസി കിറ്റ് കരുതുക.അവയിൽ
താഴെ പറയുന്ന സാധനങ്ങൾ
ഉൾപെടുത്തേണ്ടതാണ്.
കൊണ്ടുനടക്കാവുന്ന
റേഡിയോ .ടോർച്ച്,ബാറ്ററികൾ,ശുദ്ധജലം,
ഭക്ഷണ സാധനങ്ങൾ,
(ബിസ്കറ്റ്,റൊട്ടി)പഞ്ചസാര,ഉപ്പ്,മണ്ണെണ്ണ,മെഴുകുതിരി,തീപ്പെട്ടി,വിലകൂടിയ
സാധനങ്ങൾ,വിലയേറിയ
രേഖകൾ,വസ്ത്രങ്ങൾ എന്നിവ
സൂക്ഷിക്കുന്നതിനായി പ്ലാസ്റ്റിക്
ബാഗ് ,കുട,പാന്പുകളിൽനിന്ന് രക്ഷ
നേടുന്നതിനായി മുളവടി,പ്രഥമ ശുശ്രൂഷ
ഉപകരണങ്ങൾ ,മരുന്നുകൾ,എന്നിവ
എമർജൻസി കിറ്റിൽ ഉൾപ്പെടുന്നു.

വെള്ളപൊക്കം ഉണ്ടാകുന്ന സാഹചര്യം
മനസിലായാൽ
വൈദ്യുത ഉപകരണങ്ങൾ ഏറ്റവും
ഉയരത്തിൽ വയ്ക്കുക.
കക്കൂസ് കുളിമുറി ഓടകൾ
എന്നിവിടങ്ങളിൽ മണൽ നിറച്ച ചാക്ക്
ഇടുക.പുറമെ നിന്നുള്ള അഴുക്ക്
അകത്തേയ്ക്ക് കയറുന്നത്
തടയുന്നതാണിത്.

തയ്യാറാക്കിയത്

ADITHYAN M

NEERAJA DATH S R





# എന്റെ ഹൃദയനൊമ്പരം

ഞാൻ ഇപ്പോൾ സമ്പന്നൻ
എങ്കിലും എൻ മനം പറയുന്നു
നീ ഇപ്പോഴും ദരിദ്രൻ
എന്തുകൊണ്ടെന്നാൽ നീ അനാഥൻ

ഇപ്പോഴും തേങ്ങുന്നു പുളിക്കുന്നു
എൻ താങ്ങായി തണലായി മാതൃഹൃദയമില്ല!!!
എൻ ഉദയം കഴിഞ്ഞ് ആറുമാസങ്ങൾ-
ക്കുള്ളിൽ ജനനി നക്ഷത്രമായി.

ഓർമ്മ വയ്ക്കുന്നതിന് മുൻപ്
മറ്റുള്ളവരാൽ അറിഞ്ഞു , പൂർണ്ണചന്ദ്ര-
ന്റെ ശോഭയും, കാർമേഘത്തിൻ
നിറമാർന്ന കാർകൂന്തലുള്ള ജനനിയെ

ഉപേക്ഷിച്ചെൻ പിതാവ് അകന്നു അകലേയ്ക്ക്
എത്ര സമ്പന്നൻ ഞാൻ ഹൃദയനൊമ്പരമേറ്റും
എത്ര ദരിദ്രൻ ഞാൻ !

DEVANANDAN.D.P 6B.

# സ്ഥലനാമ ചരിത്രം -മണ്ണടി

കേരളത്തിൽ പത്തനംത്തിട്ട ജില്ലയിലെ അടൂർ താലൂക്കിലെ കടമ്പനാട്ടു പഞ്ചായത്തിലെ ഒരു ഗ്രാമമാണ് മണ്ണടി.പത്തനംതിട്ട ജില്ലയിലെത്തന്നെ  ഏനാത്തിനടുത്തായി സ്ഥിതി ചെയ്യുന്ന അതിപുരാതനമായ മണ്ണടി പഴയകാവ് ക്ഷേത്രം കേരളത്തിലെ പ്രധാന ഭദ്രകാളീ ക്ഷേത്രങ്ങളിൽ ഒന്നാണ്. കൊട്ടാരത്തിൽ ശങ്കുണ്ണി ഐതിഹ്യമാലയിൽ പ്രതിപാദിച്ചിട്ടുള്ള ഈ ക്ഷേത്രം  സ്വയംഭ്രുവായ പ്രതിഷ്ട്ടയ്ക്ക് പ്രസിദ്ധമാണ്.

കേരളത്തിലെ ഒരു പ്രധാന സംഭവം അരംങ്ങേറിയ സ്ഥലമാണ്ണ് മണ്ണടി. ധീരദേശാഭിമാനി വേലുത്തമ്പി ദളവ ബ്രിട്ടീഷ് സാമ്രാജ്യത്തിനു പിടികൊടുക്കാതെ ജീവത്യാഗം ചെയ്തത് മണ്ണടി ക്ഷേത്രത്തിനു സമീപമുള്ള ചേന്ദമംഗലം മഠത്തിൽ വെച്ചാണ

അതിനാൽ തീർഥാടന കേന്ദ്രം എന്നതിലുപരി ചരിത്ര സ്മാരകം എന്ന നിലയിലും ശ്രദ്ധേയമാണ്. മണ്ണടിയിൽ പ്രസിദ്ധമായ വേലുത്തമ്പി ദളവ മ്യൂസിയം സ്ഥിതി ചെയ്യുന്നു. ഈ മ്യൂസിയത്തിന് സമീപമുള്ള കല്ലടയാറ്റിൽ നിന്നും മണലുവാരുന്നവർക്ക് ലഭിച്ച അഞ്ഞൂറിലധികം വർഷം പഴക്കമുള്ള ബുദ്ധപ്രതിമസൂക്ഷിച്ചിരിക്കുന്നു. ഇത് മ്യൂസിയത്തിന്റെ പ്രധാന ആകർഷണമാണ്.

വർഷത്തിലൊരിക്കൽ കുംഭമാസം നടത്തുന്ന ഉച്ചബലിയാണ് മണ്ണടി ക്ഷേത്രത്തിലെ പ്രധാന ആഘോഷം. അന്ന് ദേവിയുടെ സ്വർണ്ണത്തലമുടി കൊണ്ട് മുടിപ്പേച്ച് നടത്താറുണ്ടായിരുന്നു. മുടിയേറ്റിന്റെ ഒരു രൂപഭേദമാണ് മുടിപ്പേച്ച്.ഇങ്ങനെ വൈവിധ്യങ്ങളാർന്ന കാഴ്ചകളും അനുഭവങ്ങളും സൃഷ്ടിച്ചുകൊണ്ട് മണ്ണടി എന്ന ചെറു ഗ്രാമം ചരിത്ര  സ്മരണകളോടെ ഇപ്പോഴും സ്ഥിതി ചെയ്യുന്നു








തയ്യാറാക്കിയത് അനാമിക ഡി .പി I X B

# IN A SPRING SEASON.

ARJUN S
IX B



Lotright was the small place of Middlur village . It was from the east of greenwich Nagar . It's hilly regions were the eye – catching spots of the visitors from the towns.

It was in the spring season , the tree are blushed with green leaves , after the falling of autumn . The fluttering birds and sparrows made their wings to flew up in the clear blue sky .


Squirrels and cuckoos started their work to welcome the spring season . There is a narrow stream which was flowing steadily through the grove of Missis Lee ,the elder women of the village.As usual Graham and his wife when to their farmland which was fifty metres next to Missis Lee's grove . Graham asked his daughters Sofie to take the grass cutter from Nelly's shop. Nelly was their neighbour. Everyday Nelly and his son Harvey stay on the shop until the redden shade appear in the western sky .

The people of the village kept their farming equipments in Nelly's shop from day to day for a fixed rate . Harvey and Sofie , who were the best friends took the grass cutterand walked to the farmland . Everyday Soefie and Harvey set out through groves and farmlands to explore.

Day passed, the light breeze blowed around the village, flowers blossomed , bees and butterflies danced around with joy.
One day in their journey towards the narrow stream , they heared a wirey cry beneath the scree . With slowly steps they move towards the scree and they saw five little new born puppies inside . Suddenly they saw a snowy – white dog which was drinking water from the stream . The two friends took back their steps with a fear .

But it was unexpected . The dog bends the ear , wagging its tail and came towards the children as a token of affection . The children too feel the same and they bowed its head. They were very happy to see the mother and five little puppies together. They feed the mother dog and her puppies everyday. It was then the too friends Sofie and Harvey decide to call it Lassie . Day – by day Lassie become more comfort in the village . The puppies one – by – one stated opening their eye slowly .

The whole people of the village started of love , pamper and feed Lassie and her puppies . By then Lassie became the guard of the middlur Village




കാറ്റിന്റെ   കൈപിടിച്ചരികിലെത്തും
മഴയെനിക്കാനന്ദമായിരുന്നു
കാലങ്ങളൊരുപാടുപിറകിലേക്കെൻ
കൈ ചേർത്തു മഴ യാത്ര പോയിരുന്നു
മഴയെന്നിൽ നീർത്തും മഴയിൽപീലികൾ
നറുബാലല്യ കൗതുകമായിരുന്നു
നനയാതെ നനയുന്ന ഹൃദിജാലകം
കവിതക്കുറുമ്പാൽ നിറഞ്ഞിരുന്നു
ഞാനന്നുരയ്ക്കുന്ന വാക്കിലെല്ലാം
കാൽത്തള പോലെ മഴക്കിലുക്കം!
ഒരു തുള്ളി വെയിലിന്റെ പെൻകിനാവിൽ
അകതാരറിയാതെപൂത്ത കാലം!
എത്രകാതം മഴക്കൊയ്ത്തുപാടം
കാണാത്ത ദൂരം കതിരണിഞ്ഞു!
കതിരവനെത്തിപതം പറഞ്ഞപ്പൊഴുമൊളികണ്ണാൽ
മഴയെന്നെ നേക്കിനിന്നു
രാമഴപ്പെയ്ത്തെന്റെയുൾച്ചെരാതിൽ
പ്രേമസ്വരൂപസ്വരം തിരഞ്ഞു
രാമഴക്കുളിരെന്റ മാനസത്തിൽ
മായാത്ത മാരിവില്ലായണഞ്ഞു!
മഴകണ്ടു നിൽക്കവേയെന്നുമെന്നിൽ
പ്രിയ ബാല്യകാലം മടങ്ങിയെത്തും!
മഴതൊട്ടു നിൽക്കവേയക്ഷരത്തി-
ന്നനവദ്യലഹരിയിൽ ലയിയക്കും!!
പുതുമഴയിന്നന്നിൽ പുളകമാകും,
പിന്നെപ്പുളകങ്ങൾ കവിത തൻ വരികളാകും
പുഴയായ്ഞാനിരുകരം നീട്ടി നിൽക്കും
മഴയിലെന്നഴലുമൊലിച്ചു പോകും!
മഴയിന്നുമെന്നിൽ ഹരം നിറയ്ക്കും
മധുരപ്രതീക്ഷ  തൻ തേൻ ചുരഞ്ഞും
മഴയെന്റ മാനസചരായാപടം
ഏറെപ്പു തുക്കി വരച്ചു ചേർക്കും...!!!

**നീതാ ജയേഷ്**



# നന്ദി

ഒരു സൃഷ്ടി പിറക്കുന്നത് കുറേപേരുടെ സ്വപ്നങ്ങളിൽ നിന്നും പ്രയത്നങ്ങളിൽ നിന്നുമൊക്കെയാണ്. മാഗസിൻ നിർമ്മാണഘട്ടത്തിൽ സഹായഹസ്തവുമായി ഓടിയെത്തിയ കൂട്ടുകാർക്ക്.. എല്ലാവിധ പ്രോത്സാഹനവും തന്ന മാനേജ്മെൻറ്നും പ്രിയപ്പെട്ട അധ്യാപകർക്കും നിറഞ്ഞ മനസ്സോടെ ഒരുപാട് സ്നേഹത്തോടെ നന്ദി.........

EVHSS ലിറ്റിൽ കൈറ്റ് അംഗങ്ങൾ